## പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 5147** — **06.02.2014 -ലെ മറുപടിക്ക്**

### കോടതി ജീവനക്കാരിയെ മാനസികമായി പീഡിപ്പിച്ച കേസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. ചെന്താമരാക്ഷൻ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| പാലക്കാട് ജില്ലാ കോടതിയിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരി മാനസിക പീഡനത്തിന് ഇരയായതുമായി ബന്ധപ്പെട്ട് ജില്ലാ കോടതിയിലെ ഗൺമാനെതിരെ ടിയാൾ പാലക്കാട് നോർത്ത് പോലീസ് സ്റ്റേഷനിൽ നൽകിയ പരാതി സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | പാലക്കാട് ജില്ലാകോടതിയിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിയായ ശ്രീമതി അനിലയെ ബഹു: ജില്ലാകോടതി ജഡ്ജിയുടെ ഗൺമാനായ എസ്.സി.പി.ഒ. 4204 ജയൻ എന്നയാൾ മാനസിക പീഡനത്തിന് ഇരയാക്കി എന്നും മറ്റും സൂചിപ്പിച്ച് ഒരു പരാതി ടൗൺ നോർത്ത് സബ് ഇൻസ്പെക്ടർക്ക് നൽകുകയുണ്ടായി. ഈ കാര്യത്തിൽ 15.01.2014 തീയതി ബഹു: ജില്ലാ ജഡ്ജിയിൽ നിന്നും മേൽ സംഭവത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതും പ്രസ്തുത റിപ്പോർട്ടിൽ ഗൺമാനെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണം വാസ്തവ വിരുദ്ധമാണെന്ന് അറിയിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ഗൺമാനെതിരെ മറ്റു നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ